# Deepika

# 12 July 2018

# Kochi, Heavy Rain, Crop Destruction

## മഴ തുടരുന്നു; ജില്ലയിൽ 7.33 ലക്ഷത്തിന്റെ കൃഷിനാശം

**• താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിൽ, • ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കേണ്ട സാഹചര്യമില്ലെന്ന് റിപ്പോർട്ട്**



കടവന്ത്ര ഗാന്ധിനഗർ പി ആൻഡ് ഡി കോളനിക്കു സമീപം റോഡരികിൽ തള്ളിയിരിക്കുന്ന മാലിന്യം.



വൈറ്റില ജംഗ്ഷനിലെ സർവീസ് റോഡിലെ ചെളി നിറഞ്ഞ കുഴികളിലൂടെ സഞ്ചരിക്കുന്ന ഇരു ചക്രവാഹനങ്ങൾ. റോഡ് പൂർണമായും തകർന്ന അവസ്ഥയിലാണിവിടം.

**കൊച്ചി:** തുടർച്ചയായ നാലാം ദിവസവും പെയ്യുന്ന മഴയിൽ നാടും നഗരവും വെള്ളത്തിൽ. അതേസമയം മഴയ്ക്കു നേരിയ ശമനം വന്നിട്ടുണ്ട്. മഴയുടെ ശക്തി കുറഞ്ഞതിനാൽ താലൂക്കുകളിൽ ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കേണ്ട സാഹചര്യമില്ലെന്ന് തഹസിൽദാർമാർ ജില്ലാ അടിയന്തിരഘട്ടകാര്യനിർവഹണകേന്ദ്രത്തിന് റിപ്പോർട്ടു നൽകി.

മലങ്കര ഡാമിന്റെ നാലു ഷട്ടറുകളും തുറന്നതിനാൽ വിവിധ പ്രദേശങ്ങളിലുണ്ടായ വെള്ളപ്പൊക്കത്തിന്റെ നിരപ്പും താഴ്ന്ന നിലയിലാണ്. കോതമംഗലം താലൂക്കിലെ കുട്ടമ്പുഴ വില്ലേജിലെ രണ്ടു കുടുംബങ്ങളെ വെള്ളപ്പൊക്ക ഭീഷണിയെതുടർന്ന് കഴിഞ്ഞ രാത്രി സമീപത്തുള്ള പള്ളിയിലേക്ക് മാറ്റിപ്പാർപ്പിച്ചെങ്കിലും മഴയുടെ ശക്തി കുറഞ്ഞതിനാൽ പുലർച്ചയോടെ വീടുകളിലേക്കു മടങ്ങി.

കഴിഞ്ഞ നാലു ദിവസത്തിനിടെ ജില്ലയിൽ 1.886 ഹെക്ടർ പ്രദേശത്തെ കൃഷി നശിച്ചു. 7.33 ലക്ഷം രൂപയുടെ നഷ്ടം കണക്കാക്കുന്നു. ഈ വർഷം ഇതുവരെയുള്ള കാലവർഷത്തിൽ 185.492 ഹെക്ടർ കൃഷിയാണ് ജില്ലയിൽ നശിച്ചത്. 4.88 കോടി രൂപയുടെ നഷ്ടം കണക്കാക്കുന്നതായി ജില്ലാ അടിയന്തിരഘട്ടകാര്യനിർവഹണകേന്ദ്രം അറിയിച്ചു. വാഴ, റബർ, കവുങ്ങ്, തെങ്ങ് തുടങ്ങിയ വിളകളേയും പച്ചക്കറി കൃഷിയേയുമാണ് മഴ സാരമായി ബാധിച്ചത്. മഴയ്ക്ക് ശമനമുണ്ടെങ്കിലും നേരത്തെ നൽകിയ കാലാവസ്ഥാ മുന്നറിയിപ്പുകൾ പാലിക്കണമെന്ന് ജില്ലാ അടിയന്തിരഘട്ട കാര്യനിർവഹണകേന്ദ്രം അറിയിച്ചു.

താഴ്ന്ന പ്രദേശങ്ങൾ ഇന്നലെയും വെള്ളത്തിൽ മുങ്ങിയ നിലയിലായിരുന്നു. ആലുവ പുഴ കവിഞ്ഞ് മണപ്പുറത്തേക്ക് വെള്ളം കയറി. വൈപ്പിൻ മേഖലയിലെ താഴ്ന്ന പ്രദേശങ്ങളായ സൗത്ത് പുതുവൈപ്പ്, എടവനക്കാട്, മുട്ടുങ്കൽചിറ, മാലിപ്പുറം തുടങ്ങിയ സ്ഥലങ്ങൾ വെള്ളത്തിലായി. മരടിലെ താഴ്ന്ന പ്രദേശങ്ങളിലെ വീടുകളിൽ വെള്ളം കയറി. മട്ടാഞ്ചേരിയിൽ കൂവപ്പാടം, പാണ്ടിക്കുടി, ക്യാമ്പിരി റോഡ്, സ്റ്റാച്ചു ജംഗ്ഷൻ, കുമാർ പമ്പ്കവല, കഴുത്തുമുട്ട് എന്നിവടങ്ങളിൽ വെള്ളം പൊങ്ങിയിട്ടുണ്ട്. ആലങ്ങാട് തിരുമാലൂർ നാലുസെന്റ് കോളനി, കരിമാലൂർ മനക്കപ്പടി മണ്ടള നാലു സെന്റ് കോളനി എന്നിവടങ്ങളിൽ വെള്ളം കയറി. തിരുമാലൂർ ബസ് സ്റ്റോപ്പ് പടിക്കു സമീപം പെരിയാർവാലി കനാലിന്റെ തീരത്ത് താമസിക്കുന്ന വീടുകളിലും വെള്ളം കയറിയിട്ടുണ്ട്.

നഗരത്തിലെ താഴ്ന്ന പ്രദേശങ്ങളിലും വെള്ളം കയറി. കെഎസ്ആർടിസി ബസ് സ്റ്റാൻഡും പരിസരവും വെള്ളത്താൽ നിറഞ്ഞു. മലിനജലം സ്റ്റാൻഡിനുള്ളിലേക്ക് പ്രവേശിക്കുന്നത് യാത്രക്കാർക്ക് ബുദ്ധിമുട്ട് സൃഷ്ടിച്ചു. ജോസ് ജംഗ്ഷൻ പരിസരത്ത് റോഡിന്റെ ഇരു വശങ്ങളിലും വെള്ളം കയറിയത് ഗതാഗതക്കുരുക്കിന് ഇടയാക്കി. സൗത്ത് റെയിൽവേ സ്റ്റേഷൻ പരിസരത്തും ചെറിയ തോതിൽ വെള്ളക്കെട്ട് രൂപപ്പെട്ടത് യാത്രക്കാരെ ബാധിച്ചു. മേനക, ഹൈക്കോർട്ട് മേഖലയിലും റോഡിൽ വെള്ളക്കെട്ട് രൂപപ്പെട്ടു. മെട്രോ നിർമാണം നടക്കുന്ന എംജി റോഡിലും ചിറ്റൂർ റോഡിലും വെള്ളക്കെട്ട് ഗതാഗതക്കുരുക്ക് സൃഷ്ടിച്ചു. കെപിസിസി ജംഗ്ഷനിൽ മെട്രോ പണികൾ മൂലം റോഡിന് വീതി കുറച്ചതും റോഡിൽ രുപപ്പെട്ട കുഴികളിൽ വെള്ളം നിറഞ്ഞതും ഗതാഗതക്കുരുക്കിന് വഴിയൊരുക്കി. സൗത്ത് റെയിൽവേ സ്റ്റേഷനിലേക്കുള്ള ഇരു വശത്തേയും വഴിയിൽ വെള്ളക്കെട്ട് രുപപ്പെട്ടതോടെ യാത്രക്കാർ സ്റ്റേഷനിലെത്താൻ ബുദ്ധിമുട്ടി. മെട്രോയുടെ നിർമാണം നടക്കുന്നതിനാൽ പ്രധാന കവാടത്തിലേക്കുള്ള വഴി തകർന്ന് കിടക്കുന്നതും വാഹന യാത്രക്കാരെവരെ വലച്ചു. കാനകളിൽ നിന്നു പുറംതള്ളിയ മലിനജലത്തിൽ ചവിട്ടി സ്റ്റേഷനിലേക്ക് എത്തേണ്ട അവസ്ഥയാണ് യാത്രക്കാർക്ക്. വൈറ്റിലയിലും ഗതാഗതം മണിക്കൂറുകളോളം തടസപ്പെട്ടു.